## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 2940**   **12.10.2011 - ൽ മറുപടി നൽകേണ്ടിയിരുന്നത്**

### പൊന്നാനി കോൾ ഡെവലപ്പ്മെന്റ് ഏജൻസി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.ശ്രീരാമകൃഷ്ണൻ | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) പൊന്നാനി കോൾ ഡെവലപ്പ്മെൻറ് ഏജൻസി ഓഫീസിൽ (പി.കെ.ഡി.എ) ആവശ്യത്തിന് ജീവനക്കാരില്ലാത്തതു മൂലം ബുദ്ധിമുട്ടനുഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ കൃഷി ഡെപ്യൂട്ടി ഡയറക്ടറുടെ സേവനം ആഴ്ചയിൽ 3 ദിവസമെങ്കിലും പ്രസ്തുത ഓഫീസിൽ ഉറപ്പ് വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) 10.11.2011-ലെ സ.ഉ (എം.എസ്) നം. 248/11/കൃഷി പ്രകാരം പൊന്നാനി കോൾ നില വികസന ഏജൻസിയുടെ കാര്യക്ഷമമായ നടത്തിപ്പിനായി പ്രസ്തുത ഏജൻസിയുടെ സെക്രട്ടറിയുടെ ചുമതല മലപ്പുറം പ്രിൻസിപ്പൽ കൃഷി ആഫീസിലെ കൃഷി വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർക്ക് (വാട്ടർ മാനേജ്മെന്റ്) നൽകിക്കൊണ്ട് ഉത്തരവായിട്ടുണ്ട്. |
| (സി) കഴിഞ്ഞ പുഞ്ച സീസണിൽ പൊന്നാനി കോൾ മേഖലയിൽ മോട്ടോർ റിപ്പയർ തുടങ്ങിയ ഫണ്ടുകൾ കർഷകർക്ക് ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) ഉണ്ട്. |

| | | |
|---|---|---|
| (ഡി) | എങ്കിൽ അത് കൊടുക്കാൻ നടപടി സ്വീകരിക്കുമോ; | (ഡി) യും (ഇ) യും കോൾ മേഖലയിൽ അംഗീകരിച്ച പദ്ധതികൾ അധികവും എഞ്ചിനീയറിംഗ് സാങ്കേതിക വിദ്യയുമായി ബന്ധപ്പെട്ട-താണ്. ചൊവ്വന്നൂർ, ചാവക്കാട് ബ്ലോക്കുകളിൽ നിന്നും ലഭിച്ച ക്ലെയിമുകളിൽ ന്യൂനതകൾ കണ്ടതിനാൽ പ്രസ്തുത ന്യൂനതകൾ പരിഹരിച്ച് ആയവ സമർപ്പിക്കാൻ എൽ.എസ്.ജി.ഡി. എഞ്ചിനീയർമാർക്കും കൃഷി അസിസ്റ്റന്റ് ഡയറക്ടർമാർക്കും നിർദ്ദേശം നൽകി-യിട്ടുണ്ട്. അതേ സമയം തവന്നൂർ, പെരുമ്പടപ്പ് ബ്ലോക്കുകളിലെ വർക്കുകളുടെ ക്ലെയിമുകൾ ആവശ്യമായ എഞ്ചി-നീയറിംഗ് വിഭാഗത്തിന്റെ സേവനത്തിന്റെ അഭാവത്തിൽ ഇതുവരെയും സമർപ്പി-ച്ചിട്ടില്ലാത്തതിനാൽ പ്രസ്തുത ക്ലെയിമുകൾ ഉടനെ സമർപ്പിക്കാൻ ബന്ധപ്പെട്ട ഉദ്യോ-ഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. നിലവിലുള്ള സൗകര്യം ഉപയോഗ-പ്പെടുത്തി സാമ്പത്തിക സഹായം എത്രയും വേഗം വിതരണം ചെയ്യുവാനുള്ള അടിയന്തിര നടപടി സ്വീകരിച്ചു വരുന്നു. |
| (ഇ) | എങ്കിൽ എന്ന് കൊടുക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | |

സെക്ഷൻ ഓഫീസർ